# DAZZLING STARS



# ആമുഖം

**1951 ൽ പ്രവർത്തനമാരംഭിച്ച പി .വി .എസ്. ഹയർസെക്കന്ററി സ്കൂൾ ,ഡിജിറ്റൽ സാങ്കേതിക രംഗത്തും നൂതനാശയങ്ങളുമായി മറ്റാരേക്കാളും മുൻനിരയിലായി കഴിഞ്ഞു. സ്പോർട്സ് ,ആർട്സ് രംഗങ്ങളിൽ ആകെ ഇരിഞ്ഞാലക്കട സബ്ജില്ലയിലെ മികച്ച സ്കൂളിലൊന്നായി പാതമുദ്രപതിപ്പിച്ച ഈ സ്കൂൾ കമ്പ്യൂട്ടർ മേഖലയിൽ പ്രോജ്വലിച്ച് നിൽക്കുന്നു . അക്ഷരത്താളുകളിൽ ആവിഷ്കരിക്കുന്ന തുലികമന്ത്രണങ്ങൾ കൈവിരൽ കൊണ്ട് എത്തിപിടിക്കാവുന്ന നവതാരകങ്ങളായി മാറുന്ന ഈ പുതുകാലത്ത് ഞങ്ങളും തുടക്കം കുറിക്കുകയാണ്, നല്ലൊരു ഡിജിറ്റൽ മാസിക ഉണ്ടാക്കാൻ. സാംസ്കാരികവും ദേശീയവും അന്തർദേശീയവുമായ കരുത്തുകൊണ്ട് ഈടുറ്റയൊന്നായി ഇതിനെ മാറ്റാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. അക്ഷരങ്ങളഗ്നിയായും വാക്കുകൾ തീപന്തങ്ങളായി മാറേണ്ട ഈ പുതുകാലത്ത് ഞങ്ങളുടെ ഈ സംരഭവും നിങ്ങളേറ്റു വാങ്ങുക.പോരായ്മകൾ തിരുത്തുന്ന കാലനീതിയെ കൈകളിലേന്തി വിനയ പുരസ്കരം ഞങ്ങൾ സമർപ്പിക്കുന്നു..**



An e-magazine prepared by Little Kites unit, PVSHS Parappukkara

# എഡിറ്റോറിയൽ ബോർഡ്അംഗങ്ങൾ

**Chief Editor : Abhirami C D**

**Members : Josna C J**
**Delna V B**
**Abin P.P**
**Aparna N C**
**Anamika.A**
**Anagha.M.B**
**Gokulkrishna.N.S**

**Kite Mistress: Anju Janakan**
**Demmy John**

## ഇതളുകളിലൂടെ

ആ വാഴവെട്ട്.....5
ചന്ദ്രനിലേക്ക് ഒരു യാത്ര.....7
EACH ONE IS UNIQUE.....9
കുഞ്ഞുമുള.....10
മഴകിനാവ്.....11
MY SHIP JOURNEY.....12
നിലാവിൽ കുടുങ്ങിയ നേരം.....13
പരിശ്രമം.....14
Quotes on books.....16
The Foolish Donkey.....18


# ആ വാഴവെട്ട്

മണ്ണിനോടും ജീവിതത്തോടും സന്ധിയില്ലാതെ സമരം ചെയ്ത കർഷകരുടേയും തൊഴിലാളികളുടേയും ജീവിതം പ്രമേയമാക്കി കഥകൾ രചിച്ച മലയാള ചെറുകഥാകൃത്തുകളിൽ പ്രമുഖനാണ് പൊൻകുന്നം വർക്കി . കൃഷിയെ ജീവനെ പോലെ സ്നേഹിച്ച മാർക്കോസ് ചേട്ടനാണ് ഇതിലെ പ്രധാന കഥാപാത്രം . കർഷകർ എക്കാലവും നേരിടുന്ന അവഗണന , കർഷകരുടെ നിസ്സഹായത മനുഷ്യത്വമില്ലാത്ത നിയമ പാലനവ്യവസ്ഥ എന്നിവയെല്ലാം ഈ കഥയിൽ ആവിഷ്ക്കരിക്കുന്നു .മാർക്കോസ് ചേട്ടൻ നല്ല കൃഷിക്കാരനാണ് . അയാൾക്ക് കഷ്ടിച്ച് ഒരേക്കർ പറമ്പുണ്ട് .അവിടെയെല്ലാം എപ്പോൾ വാഴവെക്കണം എപ്പോൾ വെട്ടണം എന്ന് അയാൾക്ക് നല്ല അറിവുണ്ട്. ഇക്കാലമത്രയും കൃഷി ചെയ്തിട്ട് കുടുംബത്തിന് വേണ്ടി ഒന്നും കണ്ടുവെക്കാൻ കഴിഞ്ഞില്ല . നടുതലുകളൊക്കെ ഏതേതു മാസത്തിലാണ് നടേണ്ടത് എന്നതിനെക്കുറിച്ച അയാൾക്ക് നിശ്ചയമുണ്ട് . അവരുടെ പുരയിടത്തിന്റെ പച്ചപ്പ് ആ വാഴകളാണ് . മാർക്കോസ് ചേട്ടന്റെ കുടുംബത്തിന്റെ തണലാണ് ആ വാഴകൾ . അതിൽ നിന്നും കിട്ടുന്ന വരുമാനംകൊണ്ടാണ് ആ കുടുംബം ജീവിക്കുന്നത് . വാഴ വെട്ടാൻ തുടങ്ങുന്ന സമയത്ത് വാഴയുടെ സ്ഥാനത്ത് സ്വന്തം മക്കളെയാണ് കാണുന്നത് . ആ വാഴയുടെ ഇലയും നാരുമൊക്കെ വിറ്റ് അയാളുടെ കുട്ടികൾ ഒരു രൂപയെങ്കിലും ഉണ്ടാക്കും . "കുംഭത്തിൽ നട്ടാൽ കുടത്തോളം" . "മീനത്തിൽ നട്ടാൽ കണ്ണിനോളം “ . കർഷകനെന്ന നിലയിൽ മാർക്കോസ് ചേട്ടന്റെ അറിവ് എത്ര മാത്രമാണെന്നാണ് ഇതിൽ വ്യക്തമാക്കുന്നത് . മണ്ണിനോടും കൃഷിയോടും ആത്മബന്ധമുള്ള മാർക്കോസ് ചേട്ടന്റെ കഥ എനിക്ക് വളരെയധികം ഇഷ്ടപ്പെട്ടു .

ദേവദത്തൻ സി എ

8 B

# ATTITUDE



# ചന്ദ്രനിലേക്ക് ഒരു യാത്ര

എന്റെ ഒരു ചിന്ത ചന്ദ്രനിലേക്ക് പോയാൽ അവിടെ ഭൂമിയിൽ നാം കാണുന്ന കാഴ്ചകൾ ഇവിടെ ചന്ദ്രനിൽ നമ്മുക്ക് സാധിക്കില്ല എന്നായിരുന്നു.പക്ഷെ ചന്ദ്രനിലെത്തിയപ്പോൾ എന്റെ എല്ലാ സംശയങ്ങൾക്കും ഉത്തരം കിട്ടി.ഭൂമിയിലേക്കാൾ സൗകര്യം



ചന്ദ്രനിലാണ്. കാരണം ചന്ദ്രനിൽ ഒരുപാട് പറഞ്ഞറിയിക്കാൻ പറ്റാത്ത മനോഹരമായ കൗതുക കാഴ്ചകളുണ്ട്. ഒരു പാട് ഗ്രഹങ്ങൾ ,നക്ഷത്രങ്ങൾ പിന്നെ ഇടക്കിടെ പേടിപ്പിക്കുന്ന ശബ്ദവുമായി വരുന്ന റോക്കറ്റ്.അങ്ങനെ അങ്ങനെ എന്തെലാം കാഴ്ചകൾ; ചന്ദ്രനിൽ ഊഞ്ഞാലാടി കളിക്കുന്ന കുട്ടികൾ ,വയസായ മുത്തശ്ശിയും കുട്ടികളും മരത്തണലിൽ കഥകൾ പറഞ്ഞു കളിക്കുന്നു.ആകാശത്തിലൂടെ നീന്തി തുടിക്കുന്ന മനുഷ്യ കുഞ്ഞുങ്ങൾ . നാം ഭൂമിയിൽ നിന്ന് നോക്കുമ്പോൾ നക്ഷത്രങ്ങൾ പലതും ചെറുതാണ്. പക്ഷെ ചന്ദ്രനിലെത്തി നോക്കിയാൽ നമ്മൾ സങ്കല്പിക്കാത്ത വലിയ വസ്തുക്കൾ ആയിരിക്കും അത്.വെയിലത്ത് പൊള്ളി പോകുന്ന ഗ്രഹങ്ങൾ ,ഇതൊക്കെ കേട്ടാൽ ചന്ദ്രനിലേക്ക് ഓടിവരാൻ മനസ് നമ്മോട് മാത്രിക്കും. ശുക്രൻ,ശനി,ബുധൻ,വ്യാഴം,ചൊവ്വ എന്നിങ്ങനെ പലതരത്തിലുള്ള ഗ്രഹങ്ങൾ.ഇതിൽ ഏറ്റവും വലിയ ഗ്രഹമാണ് വ്യാഴം. ഭൂമിയോട്

അടുത്ത് ചേർന്നു കിടക്കുന്ന ഗ്രഹമാണ് ശുക്രൻ. കല്പന ചൗളയുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു ചന്ദ്രനിൽ എത്തുക . അവൾ ചന്ദ്രനിൽ എത്തി തിരിച്ചു പോരുമ്പോൾ മരണപ്പെട്ടു. അവൾ മരിച്ചാലും അവളുടെ ഏറ്റവും വലിയ ആഗ്രഹം സഫലമാക്കിയിട്ടാണ് ഈ ലോകത്തോട് വിടപറഞ്ഞത്. അങ്ങിനെ എത്ര എത്ര ധീരന്മാരന്നു ചന്ദ്രനിലേക്ക് കാലുകുത്തിയത്. എന്റെ ഹൃദയത്തെ സ്പർശിച്ച ആളാണ് കല്പന ചൗള . ഇപ്പോൾ എന്റെയും ആഗ്രഹമാണ് ചന്ദ്രനിൽ എത്തുക എന്നത് . ആ ആഗ്രഹം സഫലമാക്കാൻ ഞാൻ പരമാവധി എനിക്ക് പട്ടും വിധം പരിശ്രമിക്കും .

ഡെൽന.വി.ബി

IX A

# EACH ONE IS UNIQUE

*Once a peacock was very unhappy. The reason was that he had an ugly voice.He was very desperate. Hearing his complaint,a fox said,'I agree that you have an unpleasant voice. But how beautiful you are''The peacock said," Eventhough I am beautiful,I am not happy with my voice." Then the fox said,'Don't worry,In this world each one is unique.Each one has special feature. You are beautiful,nightingale's voice is good ,owl has big eyes and eagle is a strong bird. Don't envy the gift of others. You are also a special bird.*

**Anamika.A**

**IX A**

# കുഞ്ഞുമുള



മുറ്റത്തെ മഞ്ഞമുള
ചന്തമുള്ള കുഞ്ഞുമുള
കൊമ്പിലൊരു തേൻകുരുവി
കൂട്ടുകൂടി പാർത്തിരുന്നു
മുട്ടയിട്ടു പെൺകുരുവി
കാത്തിരുന്നു ആൺകുരുവി
ഏറെനാൾ കഴിഞ്ഞില്ല
മുട്ടകൾ വിരിയാറായി
ദുഷ്ടരാമാരോ വന്ന്
മുട്ട തട്ടി താഴെയിട്ടു
പൊന്നിൻ മുട്ടയുരുണ്ടു മണ്ണിൽ
തട്ടി വീണുടഞ്ഞു പോയി
അമ്മക്കിളി നിലവിളിച്ചു
ദൂരേക്കെങ്ങോ പാറിപ്പോയി.

**Arshitha.V.R**

**IX B**

# മഴകിനാവ്



മഴയെന്ന വാക്കു ഞാൻ മറക്കുകയില്ല .
മഴയുടെ നാദം ഞാൻ മറക്കുകയില്ല.
നീ തന്ന ദുഃഖവും സന്തോഷവും
എന്നും എൻ ജീവനിൽ നീണ്ടു നിൽപ്പൂ
ആദ്യ നാൾ നിന്നെ ഞാൻ കാത്തിരിപ്പൂ .
നീ വരുന്നതും കാത്തിരിപ്പൂ .
തുള്ളി തുള്ളിയായ് പെയ്തീടുമ്പോൾ
ആ തുള്ളി എണ്ണിടാൻ എന്തുരസം
ആ കണക്കൊന്നു തെറ്റിടുമ്പോൾ
പിന്നെയും പിന്നെയും ഞാൻ നോക്കി നിൽപ്പൂ
കാറ്റിനോടൊത്തു നീ ആടിടുമ്പോൾ
ഞാനും നിൻ കൂടെ നൃത്തമാടും
ഇപ്പോഴും ഞാൻ അത് ഓർത്തിടുമ്പോൾ
അറിയാതെ എൻ ചുണ്ടിൽ പുഞ്ചിരി തൂകിടും
എത്രയോ എത്രയോ ദിനങ്ങളിൽ നീ
എന്തിനു നീ ഇത്ര ക്രൂരയായി .

ബിജിലി.എൻ.ബി

IX B


# MY SHIP JOURNEY

**I was travelling in a ship with my parents ,it was a tour programme with all my relatives. All of them were in a holiday mood. We were travelling from Kochi to Lakshdeep at night. On Sunday, a heavy rainfall and thunder struck.**

**A strong storm hit our ship and all the people screamed and cried. The ship began to sink. Within half an our the boat was fully sunk .All the people fell down from boat to the sea,for God's sake ,my parents taught me swimming. I saw a wooden piece floating on the sea. I tried to get on the wooden piece,for God's sake ,the rescue workers of Indian Navy reached near me. When I opened my eyes I was in the hospital .After I regained consciousness I heard the bad news that all the passengers in the boat died only I was the girl who survived.**

**HITHA K R**
**IX A**

# LIFE IS PRECIOUS



# നിലാവിൽ കുടുങ്ങിയ നേരം



നഷ്ടപ്പെട്ട സന്ധ്യയിൽ
വിരുന്നൊരുക്കുന്ന തെളിഞ്ഞു

ചിരിക്കാനറിയാത്ത നിലാവ്
അയാഥാർഥ്യത്തിന്റെ ചില്ലയിൽ

മണിക്കെട്ടുന്ന മിഥ്യയിൽ
പടം വരയ്ക്കുന്നവന്റെ ചിന്ത

നിലതെറ്റിയവന്റെ ഘടികാരം
വീണ്ടുമോടിത്തുടങ്ങുന്ന

തിരിച്ചുവരാത്ത ഒഴുക്കിലേക്ക്
നീന്തിത്തുടിച്ചുകൊണ്ട് .

**ആതിര.പി.എ**

**IX B**


# പരിശ്രമം




ഒരു ദിവസം രണ്ട് ചുണ്ടെലികൾ നടക്കാനിറങ്ങി. നടന്നുനടന്ന് അവർ ഒരു കുടിലിലെത്തി. അവിടെ ഒരു കുടത്തിൽ തൈര് വച്ചിട്ടുണ്ടായിരുന്നു . അറിയാതെ അവർ അതിലേയ്ക്ക് വീണു. രക്ഷപ്പെടാനായി അവർ ശ്രമിച്ചെങ്കിലും നടന്നില്ല. തന്റെ വിധിയെ ശപിച്ചുകൊണ്ട് ഒരാൾ മുങ്ങിച്ചാകാൻ തയ്യാറായി പക്ഷെ രണ്ടാമത്തെയാൾ മുകളിലേക്ക് ചാടിക്കൊണ്ടേയിരുന്നു. ചുണ്ടെലിയുടെ തുടർച്ചയായ ചാട്ടം മൂലം തൈര് കടഞ്ഞ് വെണ്ണ അടിയാൻ തുടങ്ങി. തൈരിന് മുകളിൽ പൊങ്ങിക്കിടക്കുന്ന വെണ്ണയിൽ കയറി ചുണ്ടലിക്കുൾ രക്ഷപ്പെട്ടു. കൂട്ടുകാരന്റെ കഠിന പരിശ്രമം മൂലമാണ് തനിക്കും രക്ഷപ്പെടാൻ കഴിഞ്ഞതെന്നു മനസ്സിലാക്കിയ മടിയൻ ചുണ്ടെലി പിന്നീടൊരിക്കലും വിധിയെ പഴിച്ചിട്ടില്ല.

**NAVYA.K.S**
**IX B**

# MUSIC AND LIFE



# Quotes on books

"Good friends, good books and a sleepy conscience: this is the ideal life".

Mark Twain

" I have always imagined that paradise will be a kind of library ".

Jorge Luis Borges

" Never trust anyone who has not brought a bank with them".

Lemony snick et Horseradish

"If one cannot enjoy reading a book over and over again there no use in reading it at all"

Oscar Wilde

"There is no friend as loyal as a book ".

Ernest Hemingway

"If there's a book that you want to read but it hasn't been written yet then you must write it."

Toni Morrison

"Books are the quietest and most constant of friend,they are the most

accessible and wisest of counsellors and the most patient of teachers.”

Charles Williams Eliot

Poetry Quotes

Poetry is the rhythmical creation of beauty in word.

Edgar Allan Poe

Poetry is a deal of joy and pain and wonder with a dash of the dictionary.

Khalil Gibran


Poetry is all that is worth remembering in life.

William Hazlitt

**Josna Jiju**
**IX A**

# The Foolish Donkey

Once upon a time a man had a little dog . He was very fond of it . The man had a donkey also . The donkey thought “why this man is very fond of the dog ? No, it's not fair. On yet it's because the dog barks and jump on his master's knee. I will also do like that. Then I will also be a pet of my master”. The donkey brayed very loudly and jumped on his master's knee.But the men thought that the donkey became mad. So he beat the donkey very badly . The donkey could not understand anything . He still thought ,”This is not fair” .



**Anagha M B**
**IX A**

# വിവിധ ദിനാഘോഷങ്ങൾ
















# നന്ദി

ഈ മാഗസിൻ പ്രസിദ്ധീകരിക്കാൻ സഹായിച്ച

ഞങ്ങളുടെ HM ഉദയ ടീച്ചർ, PTA അംഗങ്ങൾ,

KITE മിസ്ട്രെസ്സ്മാർ, Little Kites അംഗങ്ങൾ

എല്ലാവരോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു .

-----------------

---------

-----